ഉത്തരം

(എ) സംസ്ഥാനത്ത് 1908 ശബരി സ്റ്റോറുകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 824 ശബരിസ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സ്ഥല സൗകര്യം, വിപണന സാദ്ധ്യത, റേഷൻ കാർഡുകളുടെ എണ്ണം, റോഡ് സാമീപ്യം, കോർപ്പറേഷന്റെ ഏറ്റവും അടുത്ത വിൽപന ശാലയിൽ നിന്നുള്ള ദൂരം, റേഷൻ കടക്കാരന്റെ കച്ചവട പരിചയം തുടങ്ങിയ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് റേഷൻ കടകളെ ശബരി സ്റ്റോറുകളായി തെരഞ്ഞെടുത്തിട്ടുള്ളത്.

റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ

66 [377] *ശ്രീ. ടി. എൻ. പ്രതാപൻ:*

,, കെ. ബാബു:

,, ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകൾ വഴി ഏതെല്ലാം സ്കീമിൽപ്പെടുന്ന ഭക്ഷ്യധാന്യങ്ങളാണ് വിതരണം ചെയ്യുന്നത്;

(ബി) ഓരോ സ്കീമിലും പെടുത്തി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ വില വെളിപ്പെടുത്തുമോ;

(സി) ഓരോ സ്കീമിലും പ്രതിവാരം എത്ര ഭക്ഷ്യധാന്യങ്ങൾ വീതം നൽകുന്നു;

(ഡി) സൗജന്യമായി ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന സ്കീം നിലവിലുണ്ടോ;

(ഇ) എങ്കിൽ ഇതനുസരിച്ച് പ്രതിമാസം എത്ര ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ റേഷൻ കടകൾ വഴി ബി. പി. എൽ., എ. പി. എൽ., അന്ത്യോദയ, അന്നയോജന, അന്നപൂർണ്ണ എന്നീ സ്കീമിൽപ്പെടുന്ന ഭക്ഷ്യധാന്യങ്ങളാണ് വിതരണം ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എ. പി. എൽ:- അരി-8.90 ഗോതമ്പ്-6.90

ബി. പി. എൽ:- അരി-6.20/കിലോ ഗോതമ്പ്- 4.70

അന്ത്യോദയ അന്നയോജന:- അരി-3.00/ കിലോ

അന്നപൂർണ്ണ: അരി- സൗജന്യം

(സി) ഓരോ സ്കീമിലും പ്രതിമാസ കണക്കിനാണ് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു:

എ. പി. എൽ.

ഈ പദ്ധതി പ്രകാരം പ്രതിമാസം 35 കിലോ ഭക്ഷ്യധാന്യം (അരി, ഗോതമ്പ്) വിതരണം ചെയ്യുന്നു.

ബി. പി. എൽ.

ഈ പദ്ധതി പ്രകാരം കാർഡുടമകൾക്ക് പ്രതിമാസം 35 കിലോ ഭക്ഷ്യധാന്യങ്ങൾ ലഭിക്കാൻ അർഹതയുണ്ട്. അതിൽ 75% അരിയും 25% ഗോതമ്പു മായാണ് വിതരണം നടത്തുന്നത്.

കേന്ദ്ര സർക്കാർ കണ്ടെത്തിയ ബി. പി. എൽ. കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി അനുവദിക്കുന്ന 37870 മെ. ടൺ ഭക്ഷ്യ ധാന്യങ്ങൾ സംസ്ഥാന സർക്കാരിന്റെ കണക്ക് പ്രകാരമുള്ള 1571226 കുടുംബങ്ങൾക്കായി വീതിച്ചു നൽകുമ്പോൾ കാർഡൊന്നിന് പ്രതിമാസം 24 കിലോ ഭക്ഷ്യസാധനങ്ങൾ മാത്രമേ വിതരണം ചെയ്യുവാൻ കഴിയുന്നുള്ളൂ.

അന്ത്യോദയ അന്നയോജന

ഈ പദ്ധതിയിൽ പ്രതിമാസം കാർഡ് ഒന്നിന് 35 കിലോ അരി വിതരണം നടത്തിവരുന്നു.

അന്നപൂർണ്ണ

ഈ പദ്ധതിയിൽ പ്രതിമാസം കാർഡ് ഒന്നിന് 10 കിലോ അരി സൗജന്യമായി വിതരണം നടത്തുന്നു.

(ഡി) & (ഇ) 65 വയസ്സിനുമേൽ പ്രായമുള്ളവരും, കേന്ദ്ര അഗതി പെൻഷന് അർഹതയുള്ളവരും എന്നാൽ പെൻഷൻ ലഭിക്കാത്തവരുമായ പാവപ്പെട്ട ആളുകളെ അന്നപൂർണ്ണ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തി പ്രതിമാസം 10 കിലോഗ്രാം അരി വീതം സൗജന്യമായി നൽകിവരുന്നു. 44980 ഗുണഭോക്താക്കളെയാണ് കേന്ദ്ര സർക്കാർ ഈ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തുന്നതിനായി കണ്ടെത്തിയിട്ടുള്ളത്. അന്നപൂർണ്ണ പദ്ധതി പ്രകാരം വിതരണം ചെയ്യുന്നതിന് പ്രതിമാസം 449 മെ. ടൺ അരി ആവശ്യമാണ്. 2005 ജനുവരി മുതൽ മെയ് വരെ വിതരണം ചെയ്ത അരിയുടെ കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly